LIBRARY ARCHIVES Kerala Legislative Assembly

അടൂർ കെ.എ.പി. 3 ബറ്റാലിയനിലേക്ക് നിയമനം

77 (3708) ശ്രീ. ജി. എസ്. ജയലാൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) കൊല്ലം (സിറ്റി/റൂറൽ), ആലപ്പുഴ, പത്തനംതിട്ട പോലീസ് ജില്ലകളിലെ സിവിൽ പോലീസ് ഓഫീസർമാരുടെ റിക്രൂട്ടിംഗ് ക്യാമ്പായ അടൂർ കെ.എ.പി. 3 ബറ്റാലിയനിലേക്ക് നിയമനത്തിനായി പി.എസ്.സി. തയ്യാറാക്കിയ ലിസ്റ്റ് ഇപ്പോഴും നിലവിലുണ്ടോ ; എങ്കിൽ 11-9-2014-ന് നിലവിൽ വന്ന ഈ ലിസ്റ്റിൽ നിന്നും എത്ര ഉദ്യോഗാർത്ഥികൾക്ക് നിയമനം നൽകിയെന്ന് വ്യക്തമാക്കുമോ ;

(ബി) ആഭ്യന്തര വകുപ്പിൽനിന്നും പ്രസ്തുത തസ്തികയിലേക്ക് എത്ര ഒഴിവുകളാണ് റിപ്പോർട്ട് ചെയ്തിരിക്കുന്നത് ; ആയത് എന്നാണെന്ന് അറിയിക്കുമോ ;

(സി) ഈ തസ്തികയിലേക്ക് നിരവധി ഒഴിവുകൾ നിലവിലുണ്ടെങ്കിലും ആയത് യഥാസമയം പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്യുന്നില്ലായെന്നുള്ള ഉദ്യോഗാർത്ഥികളുടെ പരാതി ശ്രദ്ധിച്ചുവോ ; എങ്കിൽ അടിയന്തരമായി ഒഴിവുള്ള എല്ലാ തസ്തികകളും റിപ്പോർട്ട് ചെയ്യുവാൻ ആഭ്യന്തര വകുപ്പിന് നിർദ്ദേശം നൽകുമോ ; വിശദാംശം അറിയിക്കുമോ ?

ഉത്തരം

(എ) റാങ്ക് ലിസ്റ്റ് നിലവിലുണ്ട്. ടി ലിസ്റ്റിൽ നിന്നും 10-10-2014 വരെ 124 പേർക്ക് നിയമന ശിപാർശ നൽകിയിട്ടുണ്ട്. ഇതിന്മേൽ നിയമന നടപടികൾ പുരോഗമിച്ചുവരുന്നു.

(ബി) NJD ഉൾപ്പെടെ 124 ഒഴിവുകളാണ് പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തിട്ടുള്ളത്. 15-2-2012, 13-6-2012, 2-7-2012, 14-3-2013, 20-4-2012 തീയതികളിൽ.

(സി) ഇപ്പോൾ ഒഴിവുകൾ ഒന്നും തന്നെ നിലവിലില്ല.

DEO റാങ്ക് ലിസ്റ്റിൽ നിന്നുള്ള നിയമനത്തിലെ കാലതാമസം

78 (3709) ശ്രീമതി കെ. കെ. ലതിക : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ .

(എ) പി.എസ്.സി. 24-7-2010-ന് പ്രസിദ്ധീകരിച്ച DEO റാങ്ക് ലിസ്റ്റിലെ 1(A) റാങ്കുകാരൻ ആരായിരുന്നുവെന്നും അദ്ദേഹത്തിന് നിയമനം നൽകുന്നതിൽ കാലതാമസം ഉണ്ടായതിന്റെ കാരണം എന്തെന്നും വ്യക്തമാക്കുമോ ;